DEPARTMENT OF AGRICULTURE
FARM INFORMATION BUREAU
FARM NEWS

11.04.2019

# കാർഷികമേഖലാവാർത്തകൾ

## കനകോത്സവം

തിരുവനന്തപുരം പ്രസ്ക്ലബ്ബ് സംഘടിപ്പിക്കുന്ന വിജ്ഞാനത്തിന്റെയും വിനോദത്തിന്റെയും ഉത്സവമായ കനകോത്സവം 2019 കനകക്കുന്ന് മൈതാനിയിൽ നടന്നുവരുന്നു. ഇതോടനുബന്ധിച്ച് ദേശീയ പക്ഷി - മൃഗ പ്രദർശനം, ചക്ക മഹോൽസവം, മാമ്പഴ ഫെസ്റ്റ്, വാഴ മഹോത്സവം, അലങ്കാര മത്സ്യ പ്രദർശനം, മെഡിക്കൽ എക്സ്പോ, ബാലഭാസ്കർ സ്മാരക ബാൻഡ്-ഡി.ജെ മൽസരങ്ങൾ ദേശീയ ഫോട്ടോഗ്രാഫി മത്സരം എന്നിങ്ങനെ വിവിധ പരിപാടികളാണ് കനകോത്സവത്തിന്റെ ഭാഗമായി സംഘടിപ്പിച്ചിരിക്കുന്നത്.

## ഫലവൃക്ഷ തൈകൾ

വെള്ളായണി കാർഷിക കോളജിന്റെ ഇൻസ്ട്രക്ഷനൽ ഫാം സെയിൽസ് കൗണ്ടറിൽ ഹിമപസന്ത്, ജഹാംഗീർ ഇനം മാവുകൾ, ശീമപ്ലാവ്, കുടംപുളി, കറിനാരകം, സപ്പോട്ട, കമുക്, പ്ലാവിനങ്ങളായ ജാക്ക് ഡ്വാർഫ്, ചെമ്പിക്കുളം, ചെമ്പരത്തി, കുടത്തി വരിക്ക, മുട്ടം വരിക്ക എന്നിവയുടെ നടീൽ വസ്തുക്കൾ ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് 0471- 2383572 എന്ന നമ്പരിൽ ബന്ധപ്പെടുക.

## അറിയിപ്പ്

തിരുവനന്തപുരം കുടപ്പനക്കുന്ന് പ്രാദേശിക കോഴിവളർത്തൽ കേന്ദ്രത്തിൽ കോഴി വളം ലഭ്യമാണ്. 04712-2730804 എന്ന നമ്പരിൽ ബന്ധപ്പെടുക.

## അറിയിപ്പ്

മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ചെറ്റച്ചൽ ജഴ്സിഫാമിൽ കിലോഗ്രാമിന് 18 രൂപ നിരക്കിൽ മണ്ണിര കമ്പോസ്റ്റ് വിൽപനയ്ക്ക് തയ്യാറായിട്ടുണ്ടെന്ന് അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ചു. ആവശ്യമുള്ളവർ  ഫാമുമായി 9447403416 എന്ന നമ്പരിൽ ബന്ധപ്പെടുക.

## അറിയിപ്പ്

തിരുവനന്തപുരം ജില്ലയിലെ പെരിങ്ങമ്മല ബനാന നഴ്സറിയിൽ മൂന്നുമാസം പ്രായമുള്ള വിഗോവ താറാവ് വിൽപനയ്ക്ക് തയ്യാറാണെന്ന് പെരിങ്ങമ്മല ബനാന നഴ്സറിയിലെ അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് 9495629838, 9744785843 എന്നീ നമ്പരിൽ ബന്ധപ്പെടുക.

## ‘‘കിസാൻ സുവിധാ’’ മൊബൈൽ ആപ്

കേന്ദ്ര കൃഷി മന്ത്രാലയം വികസിപ്പിച്ചെടുത്ത കിസാൻ സുവിധാ മൊബൈൽ ആപ്പിലൂടെ കാലാവസ്ഥ, വിപണി വിവരങ്ങൾ, സസ്യസംരക്ഷണം, കാർഷിക വാർത്തകൾ, മുന്നറിയിപ്പുകൾ, വളം,

കീടനാശിനി, വിത്ത് ഡീലർമാരുടെ വിവരങ്ങൾ, കൃഷിയന്ത്രങ്ങൾ, കിസാൻ കോൾ സെന്റർ തുടങ്ങിയവയെക്കുറിച്ചുള്ള വിവരങ്ങൾ ഇംഗ്ലീഷിൽ ലഭിക്കും. ഗൂഗിൾ പ്ലേസ്റ്റോറിലൂടെയും mkisan.gov.in എന്ന mkisan portal ലിലൂടെയും സ്മാർട്ട് ഫോണിൽ ഡൗൺലോഡ് ചെയ്യാവുന്നതാണ്.

## അറിയിപ്പ്

സംസ്ഥാന കൃഷി വകുപ്പിനു കീഴിൽ ആലപ്പുഴ മങ്കൊമ്പ് ആസ്ഥാനമായി പ്രവർത്തിക്കുന്ന സ്ഥാപനമാണ് സംസ്ഥാന കീടനിരീക്ഷണ കേന്ദ്രം. കുട്ടനാടൻ നെൽകൃഷി മേഖലയിൽ ശാസ്ത്രീയ കീട രോഗനിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ കർഷകർക്ക് ആവശ്യമായ മുന്നറിയിപ്പുകൾ നൽകുക, കർഷകർ, കൃഷി ഉദ്യോഗസ്ഥർ, കർഷകത്തൊഴിലാളികൾ, സ്വയം സഹായ സംഘങ്ങൾ എന്നിവർക്കുള്ള പരിശീലന പരിപാടികൾ, വിവിധ ജൈവ സസ്യസംരക്ഷണ ഉപാധികളുടെ ഉത്പാദനം, നെല്ലിലെ തണ്ടുതുരപ്പനെതിരെയുള്ള ഫിറമോൺ ലൂർ ഉത്പാദനം, മാതൃകാവിള ആരോഗ്യ കേന്ദ്രം എന്നിവ ഇവിടെ പ്രവർത്തിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് 0477 2702683 എന്ന നമ്പരിൽ ബന്ധപ്പെടുക.